വരുന്നതിനാൽ ആയതിലേക്ക് ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ആകയാൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-103-92-05-3—തിരുവനന്തപുരം ലോ കോളേജ് - ഓഫീസ് ചെലവുകൾ - ടെലിഫോൺ ചെലവ്

ബഡ്ജറ്റ് വിഹിതം : 40,000 രൂപ (പദ്ധതിയേതരം)

44. കോവിഡ് കാരണം ഓൺലൈൻ ക്ലാസ്സുകൾ കൈകാര്യം ചെയ്യാൻ എല്ലാ ക്ലാസ്സുകളിലും വൈഫൈ സൗകര്യം ബി.എസ്.എൻ.എൽ. മുഖേന ഏർപ്പെടുത്തിയതിനാൽ ടെലിഫോൺ ചാർജ് ഇനത്തിൽ അധിക തുക ആവശ്യമാണ്. ആകയാൽ ടെലിഫോൺ ചെലവിനായി പദ്ധതിയേതരയിനത്തിൽ 1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

2202-03-103-90—എറണാകുളം ലോ കോളേജ്

01-4—മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

ബഡ്ജറ്റ് വിഹിതം : 60,000 രൂപ (പദ്ധതിയേതരം)

05-2—ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്

ബഡ്ജറ്റ് വിഹിതം : 3.16 ലക്ഷം രൂപ (പദ്ധതിയേതരം)

4—മറ്റിനങ്ങൾ

ബഡ്ജറ്റ് വിഹിതം : 90,000 രൂപ (പദ്ധതിയേതരം)

34-3— മറ്റ് ചെലവുകൾ - മറ്റിനം

ബഡ്ജറ്റ് വിഹിതം : 42,000 രൂപ (പദ്ധതിയേതരം)

45. എറണാകുളം ഗവൺമെന്റ് ലോ കോളേജിലെ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, വൈദ്യുതി ചെലവുകൾ, ഓഫീസ് ചെലവുകൾ, മറ്റിനങ്ങൾ, മറ്റു ചെലവുകൾ-മറ്റിനം എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 2 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-103-89— കോഴിക്കോട് ലോ കോളേജ്

ബഡ്ജറ്റ് വിഹിതം : 70 ലക്ഷം രൂപ (പദ്ധതി)
5.1701 കോടി രൂപ (പദ്ധതിയേതരം)

124. ഓഫീസുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായതിനാൽ ഓഫീസ് ചെലവുകൾ വർദ്ധിക്കുന്നു. ആകയാൽ ടി ശീർഷകത്തിൽ 1 ലക്ഷം രൂപ പദ്ധതിയേതരയിനത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-103-98—തൃശ്ശൂരിലെ മ്യൂസിയവും ചിത്രാലയവും

ബഡ്ജറ്റ് വിഹിതം : ഇല്ല

125. മ്യൂസിയത്തിന്റെ ദൈനംദിന ചെലവുകൾക്കായുള്ള ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടില്ല. ആകയാൽ പദ്ധതിയേതരയിനത്തിൽ 1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-103-94—മ്യൂസിയം വികസനവും പ്രദർശനതന്ത്രങ്ങളും

ബഡ്ജറ്റ് വിഹിതം : 5.3 കോടി രൂപ (പദ്ധതി)

126. മ്യൂസിയങ്ങളുടെ പരിപാലനത്തിനും അടിസ്ഥാനസൗകര്യ വികസനത്തിനുമായി പദ്ധതിയിനത്തിൽ 1.70 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-103-91—എറണാകുളത്തെ പുരാവസ്തു മ്യൂസിയം

ബഡ്ജറ്റ് വിഹിതം : 1.3 കോടി രൂപ (പദ്ധതി)

127. ഹിൽപ്പാലസ് വളപ്പിലെ പൈതൃക നിർമ്മിതികളുടെ സമഗ്ര സംരക്ഷണം, സൗന്ദര്യവൽകരണം എന്നീ പദ്ധതികൾ പൂർത്തീകരിക്കുന്നതിലേക്ക് നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 1.20 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-103-90—റീജിയണൽ കൺസർവേഷൻ ലബോറട്ടറി

ബഡ്ജറ്റ് വിഹിതം : 60 ലക്ഷം രൂപ (പദ്ധതി)

128. " Hand-held XRF metre" വാങ്ങുന്നതിനു ടെണ്ടർ നടത്തുന്നതിനുള്ള നടപടികൾ, നിരവധി പുരാവസ്തുക്കളുടെ രാസസംരക്ഷണം, പ്രാദേശിക പരിരക്ഷണ പരീക്ഷണശാലയുടെ വികസനം, രാസസംരക്ഷണ ജോലികളിൽ യോഗ്യരായവരെ ട്രെയിനികളായി നിയോഗിക്കൽ തുടങ്ങിയവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക

